**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **27-01-2026 - ൽ മറുപടിയ്ക്ക്**

**മങ്കട പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കമോ; | (എ) | **മങ്കട പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല.** |
| (ബി) | മങ്കട പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട വില്ലേജിൽ കടന്നമണ്ണ അംശം ദേശത്ത് വെറ്റിനറി ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടു കിട്ടുന്നതിന് ആഭ്യന്തര വകുപ്പ് എന്തെല്ലാം തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | മങ്കട പോലീസ് സ്റ്റേഷൻ കെട്ടിടം സ്ഥാപിക്കുന്നതിന് മങ്കട ഗ്രാമ പഞ്ചായത്തിൽ മങ്കട വില്ലേജിൽ കടന്നമണ്ണ അംശം ദേശത്ത് വെറ്റിനറി ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 44/4 ൽ പെട്ട 54 സെന്റ് സ്ഥലത്തു നിന്നും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ 20 സെന്റ് സ്ഥലം ലഭിക്കുന്നതിനായി ജില്ലാ കളക്ടർ മുമ്പാകെ മലപ്പുറം ജില്ല പോലീസ് മേധാവി കത്ത് നൽകിയിരുന്നു. ഭൂമി കൈമാറാൻ സാധിക്കുകയില്ല എന്ന് അറിയിച്ചതിനാൽ അനുയോജ്യമായ മറ്റ് സ്ഥലം കണ്ടെത്തുന്നതിനായുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (സി) | ദീർഘകാലമായി യാതൊരു പുരോഗതിയും കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | മങ്കട പോലീസ് സ്റ്റേഷൻ കെട്ടിടം സ്ഥാപിക്കുന്നതിന് മങ്കട ഗ്രാമ പഞ്ചായത്തിൽ മങ്കട വില്ലേജിൽ കടന്നമണ്ണ അംശം ദേശത്ത് വെറ്റിനറി ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 44/4 ൽ പെട്ട 54 സെന്റ് സ്ഥലത്തു നിന്നും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ 20 സെന്റ് സ്ഥലം ലഭിക്കുന്നതിനായി ജില്ലാ കളക്ടർ മുമ്പാകെ മലപ്പുറം ജില്ല പോലീസ് മേധാവി കത്ത് നൽകിയിരുന്നു. ഭൂമി കൈമാറാൻ സാധിക്കുകയില്ല എന്ന് അറിയിച്ചതിനാൽ അനുയോജ്യമായ മറ്റ് സ്ഥലം കണ്ടെത്തുന്നതിനായുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ